(എഫ്) മുഴുവൻ പേർക്കും വില നൽകിയിട്ടില്ലെങ്കിൽ എത്ര നാൾക്കകം വില നൽകി ആധാരം രജിസ്റ്റർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല. റോഡിനും മറ്റനുബന്ധ സൗകര്യങ്ങൾക്കുമുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്.

(ബി) 2 കി.മീ. റോഡ് നിർമ്മാണത്തിന് ഏകദേശം 8.6 ഹെക്ടർ ഭൂമി ഉദ്ദേശം 200 വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(സി) ആധാരങ്ങളും അനുബന്ധ രേഖകളും പരിശോധിച്ച് വില നൽകി വരുന്നു.

(ഡി) നാളിതുവരെ 75-പേരിൽ നിന്നും സ്ഥലം ഏറ്റെടുത്ത് വില നൽകിയിട്ടുണ്ട്.

(ഇ) ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുത്തുവരുന്നു.

(എഫ്) നടപടിക്രമങ്ങൾ പൂർത്തിയാക്കി ആധാരങ്ങൾ ഹാജരാക്കുന്ന മുറയ്ക്ക് വില നൽകി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതാണ്.

ചെറുകിട പുരാതന തുറമുഖങ്ങളുടെ സംരക്ഷണം

145 (211) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട പുരാതന തുറമുഖങ്ങളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ചരിത്രത്തിൽ സ്ഥാനം പിടിച്ച പുരാതന തുറമുഖങ്ങളുടെ സ്ഥാനവും പൈതൃകവും സംരക്ഷിച്ച് നിർത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിലെ 5 മൈനർ തുറമുഖങ്ങളായ അഴീക്കൽ, ബേപ്പൂർ, പൊന്നാനി. ആലപ്പുഴ, കൊല്ലം എന്നീ തുറമുഖങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനായി കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ തുറമുഖങ്ങളുടെ വിശദമായ സാധ്യതാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്ലോബൽ ടെണ്ടർവഴി തുറമുഖ വികസനത്തിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പൊന്നാനി തുറമുഖം സ്വിസ് ചലഞ്ച് മാതൃകയിൽ വികസിപ്പിക്കുന്നതിനുവേണ്ടി ലഭിച്ച ടെണ്ടർ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചരിത്രത്തിൽ സ്ഥാനം പിടിച്ച പുരാതന തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികസനം യാഥാർത്ഥ്യമാക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

അഴീക്കൽ തുറമുഖവും ലക്ഷദ്വീപുമായുള്ള ചരക്കു ഗതാഗതം

146 (212) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കൽ തുറമുഖത്തു നിന്നും ചരക്ക് ഗതാഗതം നടത്തുന്നതുമായി ബന്ധപ്പെട്ട് ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുമായി തുറമുഖ വകുപ്പുമന്ത്രിയുടെ ചേംബറിൽ വച്ചുനടത്തിയ ചർച്ചയുടെ വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ തീരുമാനങ്ങൾ നടപ്പാക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(ഡി) അഴീക്കൽ തുറമുഖവും ലക്ഷദ്വീപുമായുള്ള ചരക്കു ഗതാഗതം മെച്ചപ്പെടുത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) അഴീക്കൽ തുറമുഖത്തു നിന്നും ചരക്കു ഗതാഗതം നടത്തുന്നതുമായി ബന്ധപ്പെട്ട് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുമായി തുറമുഖ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വച്ച് നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ താഴെ പറയുന്നവയാണ്.

1. അഴീക്കൽ തുറമുഖത്ത് നിന്നും ഷിപ്പിംഗ് തുടങ്ങുന്നതിന്റെ ഭാഗമായി ലക്ഷദ്വീപ് തുറമുഖ വകുപ്പ് ഒരാഴ്ചയ്ക്കുള്ളിൽ ട്രയൽ റൺ നടത്തുന്നതായിരിക്കും.

2. കപ്പൽ അടുപ്പിക്കുന്നതിന് Initial ആയി Pilot സംവിധാനം ഉപയോഗിക്കുകയും അതിന് ശേഷം Permanent ആയി Buoy ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

3. ലക്ഷദ്വീപ് തുറമുഖ വകുപ്പ് കൊച്ചിയിലേക്ക് ഷിപ്പ് ഓപ്പറേറ്റ് ചെയ്യുന്നതുപോലെ ഭാവിയിൽ കൊല്ലത്തേക്ക് ഷിപ്പിംഗ് നീട്ടുന്നതിനുള്ള നടപടികളെപ്പറ്റി ആലോചിക്കും.

4. അഴീക്കൽ തുറമുഖ വികസനം സംബന്ധിച്ച് വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും Detailed Project Report-ന് ശേഷം സ്വകാര്യ പങ്കാളിക്കായി ടെണ്ടർ ചെയ്യുമ്പോൾ Conventional Tender സമ്പ്രദായത്തിന് പകരം e-tender സംവിധാനം കൊണ്ടുവരുന്ന കാര്യം ആലോചിക്കാൻ തുറമുഖ ഡയറക്ടറെ ചുമതലപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly